പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

22.03.2018 ൽ
മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4769

## യുവജനക്ഷേമ ബോർഡിന്റെ വാമനപുരം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

ചോദ്യം

ശ്രീ. ഡി.കെ.മുരളി

മറുപടി

ശ്രീ.എ.സി. മൊയ്തീൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ ; | (എ) & (ബി) | സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, പി.എസ്.സി പരീക്ഷാ പരിശീലനം, യുവജനദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ. നാടൻകലാമേള, ബോധവൽക്കരണ ക്യാമ്പയിനുകൾ, കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡിന്റെ കീഴിൽ വാമനപുരം നിയോജക മണ്ഡലത്തിൽ നടത്തിയ പരിപാടികളും അതിന് ചെലവായ തുകയുടെ വിശദാംശവും ചുവടെ ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിക്കും ചെലവായ തുകയെത്രയെന്ന് അറിയിക്കാമോ? | | |

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർ താമസിക്കുന്ന കോളനികളിലെ യുവജനങ്ങളെ സംഘടിപ്പിച്ച് ബോർഡ് നേതൃത്വം നൽകി യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുന്ന | 2,54,000/- |

| | | | | |
|---|---|---|---|---|
| | | | പുതിയ പദ്ധതിയാണ് യുവക്ലബ്ബ്. സംസ്ഥാനത്താകെ 1000 യുവ ക്ലബ്ബുകൾ രൂപീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യ യുവക്ലബ്ബ് രൂപീകരിച്ചതിന്റെ സംസ്ഥാന തല ഉദ്ഘാടനം 2017 ജൂലൈ 12 ന് വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമല ഗ്രാമപഞ്ചായത്തിലെ ഇടിഞ്ഞാർ വെട്ടിക്കാവ് സെറ്റിൽമെന്റ് കോളനിയിൽ വച്ച് നിർവ്വഹിച്ചു. വെട്ടിക്കാവ് യുവക്ലബ്ബിന്റെ അപേക്ഷ പരിഗണിച്ച് അവരുടെ പ്രവർത്തനത്തനങ്ങൾക്കായി പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ചെണ്ടമേളം സെറ്റ് 2018 ജനുവരി 12 ന് നടന്ന ദേശീയ യുവജന ദിനാചരണ പരിപാടിയിൽ വച്ച് നൽകുകയുണ്ടായി. | |
| | | | ജില്ലാതല കേരളോത്സവത്തിൽ പോയിന്റ് നിലയിൽ രണ്ടാം സ്ഥാനം നേടിയ ക്ലബ്ബായ വാമനപുരം നിയോജക മണ്ഡലത്തിലെ ആർ.എസ്.എൻ..കളരി സംഘത്തിന് സമ്മാനം നൽകി. | 3,000/-- |
| | | | പാലോട് കാർഷിക മേളയ്ക്ക് ധനസഹായം | 1,00,000/- |
| | | | കായിക വികസന പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിലെ കലാകൈരളി കലാഗ്രാമം, വെഞ്ഞാറമൂട് എന്ന ക്ലബ്ബിന് വോളീബോൾ പരിശീലന കിറ്റ് വിതരണം ചെയ്തു | 9,097/- |
| | | | കൂടാതെ ഈ പദ്ധതിയിൽ വോളിബോൾ ടൂർണമെന്റ് സംഘടിപ്പിച്ച സംസ്കൃതി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന് ടൂർണമെന്റിന്റെ സമ്മാന തുകയും അനുവദിച്ചിട്ടുണ്ട്. | 8,000/- |

സെക്ഷൻ ഓഫീസർ